# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6524 21.11.2019-ൽ മറുപടിക്ക്

### ഹയർ സെക്കണ്ടറി ഹിസ്റ്ററി സീനിയർ, ജൂനിയർ തസ്തികകളിൽ നിയമനം

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| | **ശ്രീ.കെ.ദാസൻ** | | **പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) | ഹയർ സെക്കണ്ടറി ഹിസ്റ്ററി സീനിയർ, ജൂനിയർ തസ്തികകളിലായി നിരവധി ഒഴിവുകൾ ഉണ്ടായിട്ടും എസ്.സി./എസ്.റ്റി. സ്പെഷ്യൽ റിക്രൂട്ട്മെന്റ് റാങ്ക് പട്ടികയിൽ നിന്നും ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുന്നതിലേക്കായി ആ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തത് എന്ത് കൊണ്ടാണെന്നറിയിക്കാമോ ; | (എ) | സർക്കാർ വാർഷിക അവലോകനം നടത്തി ഉത്തരവാകുന്നതിനനുസരിച്ചാണ് എസ്.സി/എസ്.റ്റി കാറ്റഗറിയിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി വേക്കൻസികൾ റിപ്പോർട്ട് ചെയ്യുന്നത്. 2014 മുതൽ 2019 വരെയുള്ള വർഷങ്ങളിൽ വാർഷിക അവലോകനം നടത്തിയതിൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യകുറവ് ഇല്ല എന്ന് ഉത്തരവായിട്ടുണ്ട്. |
| (ബി) | പി.എസ്.സി. വഴി ഹയർ സെക്കണ്ടറി അധ്യാപക തസ്തികകളിലേക്ക് നിയമനം ആരംഭിച്ചതിന് ശേഷം ഓരോ വർഷവും എസ്.സി. ഹിസ്റ്ററി, സീനിയർ/ജൂനിയർ അധ്യാപകരുടെ നിയമനം, എണ്ണം സംബന്ധിച്ച കണക്കെടുപ്പുകൾ ഓരോവർഷവും നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ | (ബി) | ഓരോ വർഷവും പ്രസ്തുത തസ്തികകളിൽ ജോലി ചെയ്യുന്ന അധ്യാപകരുടെ എണ്ണം കണക്കാക്കി നൽകുന്നതിനനുസരിച്ചാണ് സർക്കാർ വാർഷിക അവലോകനം നടത്തുന്നത്. ആയതുപ്രകാരം 2009, 2011, 2012 എന്നീ വർഷങ്ങളിൽ അവലോകനം നടത്തിയതിൽ മറ്റു വിഷയങ്ങളോടൊപ്പം ഹിസ്റ്ററി വിഷയത്തിലും വേക്കൻസികൾ ഉണ്ടായിട്ടുണ്ട്. ആയവ ചുവടെ ചേർക്കുന്നു.<br><u>സ.ഉ (കൈ) നം. 102/14/പൊ.ഭ.വ തീയതി 29.04.2014 (2009-അവലോകനം)</u><br>എച്ച്.എസ്.എസ്.റ്റി (ഹിസ്റ്ററി)- SC/ST - 2, ST only -1<br>ജൂനിയർ (ഹിസ്റ്ററി)- SC/ST - 3, ST only -0<br><u>സ.ഉ (കൈ) നം. 278/15/പൊ.ഭ.വ തീയതി 09.11.2015 (2011- അവലോകനം)</u><br>എച്ച്.എസ്.എസ്.റ്റി (ഹിസ്റ്ററി)- SC/ST - |

| | | |
|---|---|---|
| | | 2, ST only -2<br>ജൂനിയർ ഹിസ്റ്ററി - SC/ST - 4, ST only -1<br><u>സ.ഉ (കൈ) നം. 282/15/പൊ.ഭ.വ തീയതി 13.11.2015 (2012- അവലോകനം)</u><br>എച്ച്.എസ്.എസ്.റ്റി (ഹിസ്റ്ററി)- SC/ST -2, ST only -4<br>ജൂനിയർ (ഹിസ്റ്ററി)- SC/ST -1, ST only -0<br>ടി വേക്കൻസികൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്ത് അഡ്വൈസ് ലഭിച്ചവർക്കെല്ലാം നിയമനം നൽകിയിട്ടുണ്ട്. ST only category-യിൽ ഓരോ വേക്കൻസി വീതം (എച്ച്.എസ്.എസ്.റ്റി-1, എച്ച്.എസ്.എസ്.റ്റി ജൂനിയർ-1) അഡ്വൈസ് ലഭ്യമാകാനുണ്ട്. 2014 മുതൽ 2019 വരെയുള്ള വാർഷിക അവലോകന പ്രകാരം ഹയർ സെക്കന്ററി വകുപ്പിൽ പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യകുറവ് ഇല്ല എന്ന് ഉത്തരവായിട്ടുണ്ട്. |
| (സി) | എച്ച്.എസ്.എസ്.റ്റി. സീനിയർ നിയമനങ്ങൾ പ്രമോഷനിലൂടെ മാത്രം നടത്താനുള്ള ഉത്തരവ് ഹയർ സെക്കണ്ടറി വകുപ്പിൽ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് മുതലാണ് ഇത് പ്രാബല്യത്തിൽ വന്നതെന്ന് വ്യക്തമാക്കുമോ | (സി) 2001 മുതൽ പുറപ്പെടുവിച്ച സ്പെഷ്യൽ റൂൾ അനുസരിച്ച് എച്ച്.എസ്.എസ്.റ്റി നിയമനങ്ങൾ യോഗ്യരായ എച്ച്.എസ്.എസ്.റ്റി ജൂനിയർ അധ്യാപകരിൽ നിന്നും ബൈട്രാൻസ്ഫർ മുഖേനയാണ് നടത്തുന്നത്. അർഹരായ ജൂനിയർ അധ്യാപകരുടെ അഭാവത്തിൽ ഒഴിവുകൾ 1:3 അനുപാതത്തിൽ ബൈട്രാൻസ്ഫറിനായും നേരിട്ടുള്ള നിയമനത്തിനായും പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. |

**സെക്ഷൻ ഓഫീസർ.**